# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2723 18.06.2018 ൽ മറുപടിക്ക്**

**അറ്റ് ലാന്റിസ് റെയിൽവേ മേൽപ്പാലം**

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.ജോൺ ഫെർണാണ്ടസ്** | **ശ്രീ ജി സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) എറണാകുളം ജില്ലയിലെ അറ്റ് ലാന്റിസ് റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിജസ്ഥിതി വ്യക്തമാക്കാമോ; | എ) അറ്റ് ലാന്റിസ് മേൽപ്പാല പദ്ധതി കൊച്ചിൻ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ച പദ്ധതിയാണ്. നാലുവരി ഗതാഗതത്തിനുതകുന്ന രീതിയിൽ രൂപകൽപന ചെയ്ത് നടപ്പിലാക്കികൊണ്ടിരുന്ന പദ്ധതിക്കായി കൊച്ചി കോർപ്പറേഷൻ സ്ഥലം ഏറ്റെടുക്കൽ നടപടികൾ ആരംഭിച്ചുവെങ്കിലും പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യത്തിൽ 27.09.2016 തീയതിയിലെ ജി.ഒ(ആർ.റ്റി)നം.1324/2016/ പി.ഡബ്ല്യു.ഡി ഉത്തരവ് പ്രകാരം പദ്ധതി കിഫ്ബിയിൽ ഉൾപ്പെടുത്തികൊണ്ട് ആർ.ബി.ഡി.സി.കെ യെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി നിയമിച്ചു. നാളിതുവരെ ഏറ്റെടുത്തതും ഇനി ഏറ്റെടുക്കേണ്ടതുമായിട്ടുള്ള സ്ഥലത്തിന്റെ വിവരങ്ങൾ ഉൾപ്പെടുത്തി 20മീറ്റർ വീതിയിൽ നാലുവരി ഗതാഗതത്തിനനുയോജ്യമായ രീതിയിൽ മേൽപ്പാലത്തിനായുള്ള വിശദമായ പദ്ധതി രേഖയുടെ കരട് 02.06.2018ൽ ആർ ബി ഡി സി കെ യിൽ ലഭ്യമായത്. ആവശ്യമായ പരിശോധനകൾക്ക് ശേഷം കിഫ്ബിയിൽ സമർപ്പിക്കുന്നതാണ്. |
| ബി) ഇതിനായുള്ള സ്ഥലമെടുപ്പ് നടപടികൾ പൂർത്തീകരിച്ചോ; | ബി) പൂർത്തീകരിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| സി) | റെയിൽവേ മേൽപ്പാലത്തിനായി എത്ര ഏക്കർ ഭൂമിയാണ് ഏറ്റെടുക്കേണ്ടതായിട്ടുള്ളത് ; | സി) & ഡി) | അറ്റ് ലാന്റിസ് മേൽപ്പാലത്തിനായി 132.09 ആർ (326.35സെന്റ്) ഭൂമിയാണ് ആവശ്യമായിട്ടുള്ളത്. കൊച്ചിൻ കോർപ്പറേഷനിൽ നിന്ന് ലഭ്യമായ വിശദാംശം അനുസരിച്ച്, ഇതിൽ 100.90ആർ (240.29 സെന്റ്) ഭൂമി ഏറ്റെടുത്തു കഴിഞ്ഞു. ബാക്കി 31.19ആർ (77.06സെന്റ്) ഇനി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ഇതുവരെ 46.63 കോടി രൂപ കൊച്ചിൻ കോർപ്പറേഷൻ നഷ്ടപരിഹാര തുകയായി നൽകിയിട്ടുണ്ട്. ബാക്കി 42.26 കോടിരൂപ ഈ ഇനത്തിൽ നൽകേണ്ടതായിട്ടുണ്ട്. |
| ഡി) | ഇതിൽ എത്ര ഭൂമി ഏറ്റെടുത്തിട്ടുണ്ടെന്നും ഇനി എത്ര ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ടെന്നും നഷ്ടപരിഹാരത്തുകയായി എത്ര രൂപ നൽകിയിട്ടുണ്ടെന്നും എത്ര രൂപ ഈ ഇനത്തിൽ നൽകേണ്ടതായിട്ടുണ്ടെന്നും വിശദമാക്കാമോ; | | |
| ഇ) | നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാനായി എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തീകരിക്കേണ്ടതായിട്ടുള്ളതെന്ന് വിശദമാക്കാമോ? | ഇ) | വിശദമായ പദ്ധതി രേഖയ്ക്ക് കിഫ്ബിയുടെ അംഗീകാരം ലഭിച്ചതിനുശേഷമേ ഭൂമി ഏറ്റെടുക്കൽ നടപടികൾ പുനരാരംഭിക്കുവാൻ സാധിക്കുകയുള്ളൂ. ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ നിർമ്മാണപ്രവർത്തനങ്ങളുമായി മുന്നോട്ട് പോകുവാൻ കഴിയുകയുള്ളൂ. |

S. Bindu

സെക്ഷൻ ഓഫീസർ